"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

റീബിൽഡ് കേരള ഇൻഷ്യറ്റീവിൽ ഉൾപ്പെടാത്ത 5 മീറ്ററിൽ താഴെയുള്ള റോഡുകളുടെ നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

### സ.ഉ.(സാധാ) നം.402/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/02/2020

---

പരാമർശം:-

1) സ.ഉ(സാധാ) 25/2018/ആ.സാ.വ തീയതി 13.08.2019

2) 03/12/2019 ലെ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ KGPA/LM/FR/20191203 കത്ത് നമ്പർ

## ഉത്തരവ്

റീബിൽഡ് കേരള ഇൻഷ്യറ്റീവിൽ 603 Km റോഡ് പുനഃനിർമ്മാണത്തിന് പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. 5.5 മീറ്റർ താഴെയുള്ള 288 കി.മീ റോഡ് പുനഃനിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തണമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ അപേക്ഷിച്ചിട്ടുണ്ട്.

റീബിൽഡ് കേരള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിൽ വരാത്ത പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡിന്റെ ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമം നിശ്ചയിച്ച് റോഡിന്റെ പുനഃനിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിൽ വരാത്ത പ്രളയത്തിൽ തകർന്ന 5 മീറ്ററും അതിന് താഴെയും വീതിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണ നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടത്തേണ്ടതാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം രീതിയും, സാങ്കേതികാനുമതി നൽകുന്ന രീതിയും പ്ലാൻ പ്രോജക്റ്റുകളുടെ മാതൃകയിലായിരിക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

ചീഫ് എഞ്ചിനീയർ ,തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള,.ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

ധനകാര്യ വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ